പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 537

03.03.2020 ൽ മറുപടിയ്ക്ക്

## യുവജനകമ്മീഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബാബു<br>ശ്രീ.ആർ. രാജേഷ്<br>ശ്രീ.വി.ജോയി<br>ശ്രീ.ആന്റണി ജോൺ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് യുവജനങ്ങളെ ശാക്തീകരിക്കുന്നതിനും യുവജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും കേരള സംസ്ഥാന യുവജനകമ്മീഷൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | യുവജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും അദാലത്തുകളും സിറ്റിംഗുകളും, പട്ടികജാതി/പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക മേഖലയിലെ യുവാക്കൾക്കിടയിലും കോളേജുകളിലും മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ ബോധവത്കരണ പരിപാടികൾ, ദേശീയ/ജില്ലാ സെമിനാറുകൾ, സിംപോസിയം, ശില്പശാലകൾ, ജോബ് പോർട്ടൽ, യൂത്ത് ഐക്കൺ അവാർഡ്, ദേശീയ യുവജനദിനാഘോഷം, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം, പട്ടികജാതി/പട്ടിക വർഗ്ഗ മറ്റ് പിന്നോക്ക മേഖലകളിൽ 'നിറവ്' ആദിവാസി കലാമേള എന്നീ പദ്ധതികൾ കേരള സംസ്ഥാന യുവജന കമ്മീഷൻ മുഖേന നടപ്പിലാക്കി വരുന്നു. |
| (ബി) | യുവജനങ്ങളുടെ ക്ഷേമകാര്യങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും അവരുടെ മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിൽ അവസരങ്ങൾക്കുമായി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുന്ന--തിനും യുവജനകമ്മീഷൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ; | (ബി) | യുവജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പദ്ധതിയുടെ കീഴിൽ തൊഴിലന്വേഷകരെയും തൊഴിൽ ദാതാക്കളെയും ബന്ധിപ്പിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോമായ ജോബ് പോർട്ടലിലൂടെ സൗജന്യ രജിസ്ട്രേഷൻ സ്വീകരിച്ചുകൊണ്ട് ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചു വരുന്നുണ്ട്. 2019 ഫെബ്രുവരിയിൽ രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 119 കമ്പനികളും 4792 ഉദ്യോഗാർത്ഥികളും പങ്കെടുക്കുകയും 528 |

| | | | |
|---|---|---|---|
| | | | പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും 322 പേർക്ക് ജോലി ലഭിക്കുകയും ചെയ്തിരുന്നു. കൂടാതെ 2020 ഫെബ്രുവരി 29, മാർച്ച് 1 തീയതികളിൽ യഥാക്രമം പാലക്കാടും, തിരുവനന്തപുരത്തും ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതാണ്. |
| (സി) | അസംഘടിത മേഖലയിൽ യുവജനങ്ങൾ നേരിടുന്ന തൊഴിൽപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യുവജന കമ്മീഷൻ എന്തെല്ലാം ഇടപെടലുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | അസംഘടിത മേഖലയിൽ യുവജനങ്ങൾ നേരിടുന്ന തൊഴിൽപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ടി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനവും ഓവർടൈം അലവൻസും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.മറ്റ് തൊഴിൽപരമായ പരാതികൾ പരിഗണിക്കുകയും നേർവിചാരണകളും സിറ്റിങ്ങും നടത്തി നടപടി സ്വീകരിക്കുവാൻ ശുപാർശ നൽകുകയും ചെയ്തിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും കൃത്യമായ ശമ്പള സ്കെയിലിൽ വേതനം ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ കമ്മീഷൻ ഉന്നതവിദ്യാഭ്യാസ വകുപ്പിന് ശുപാർശ നൽകിയിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലെ ശമ്പള കുടിശ്ശിക നൽകാതിരുന്ന കേസുകളിൽ ശമ്പളകുടിശ്ശികയും സെക്യൂരിറ്റി ഡിപ്പോസിറ്റും പരാതിക്കാർക്ക് നൽകുവാൻ കമ്മീഷൻ കോളേജ് തലവൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**